# 31

# രാജ്യത്തിന്റെ വിത്ത് വിതെക്കൽ

## (13:1- 23)

യേശുവിന്റെ ശുശ്രൂഷയിൽ ഒരു നാഴികക്കല്ല് നിർവ്വചിക്കുന്നതായിരുന്നു വിതെക്കുന്നവന്റെ ഈ ഉപമ.

### ഉപമയും അതിലെ ഉള്ളടക്കവും (13:1-9)

**1അന്ന് യേശു വീട്ടിൽനിന്നു പുറപ്പെട്ട് കടലരികെ ഇരുന്നു. 2വളരെ പുരുഷാരം അവന്റെ അടുക്കൽ വന്നുകൂടുകകൊണ്ട്, അവൻ പടകിൽ കയറി ഇരുന്നു. പുരുഷാരം എല്ലാം കരയിൽ ഇരുന്നു.**

**3അവൻ അവരോട് പലതും ഉപമകളായി പ്രസ്താവിച്ചതെന്തെന്നാൽ, "വിതെക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു. 4വിതെക്കുമ്പോൾ ചിലത് വഴിയരികെ വീണു. പറവകൾ വന്ന് അത് തിന്നുകളഞ്ഞു. 5ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്ത ഇടത്തു വീണു. മണ്ണിനു താഴ്ച്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചു വന്നു. 6സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി, വേർ ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. 7മറ്റു ചിലത് മുള്ളിന്നിടയിൽ വീണു; മുള്ള് മുളെച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. 8മറ്റു ചിലത് നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനിയായി വിളെഞ്ഞു; 9ചെവിയുള്ളവൻ കേൾക്കട്ടെ."**

**വാക്യങ്ങൾ 1, 2.** ഈ അദ്ധ്യായത്തിലെ പല ഉപമകളും ഏർപ്പെടുത്തുവാൻ വേണ്ടിയുള്ളതാണ് ഈ പ്രാരംഭവാക്യങ്ങൾ. "പുരുഷാരത്തോട് സംസാരിച്ചിരുന്ന" കഫർന്നഹൂമിലെ **വീട്** വിട്ട് യേശു, **കടൽക്കരയിലേക്കു** പോയി (12:46). കഫർന്നഹൂം സ്ഥിതി ചെയ്തിരുന്നത് ഗലീലാ കടലിന്റെ വടക്കെ കരയിലായിരുന്നു. ഒരേസമയത്ത് കൂടുതൽ ആളുകളോട് സംസാരിക്കുവാനായിരിക്കാം ഒരുപക്ഷെ അവൻ അങ്ങോട്ട് പോയത്. കടൽത്തീരത്ത് **വലിയ പുരുഷാരം അവനു ചുറ്റും** കൂടിയിരുന്നു. ആ പ്രദേശത്തെ പല പട്ടണങ്ങളിലും ഗ്രാമങ്ങളിലും യേശു പ്രസംഗിച്ചിരുന്നു (ലൂക്കൊ. 8:1) ആ സമയത്ത്, "ഓരോ പട്ടണത്തിൽനിന്നു ... വലിയോരു പുരുഷാരം അവന്റെ അടുക്കൽ വന്നിരുന്നു" എന്നാണ് ലൂക്കൊസ് വിവരിച്ചത് (ലൂക്കൊ. 8:4; എൻകെജെവി).

പുരുഷാരം വളരെയായതിനാൽ, യേശു ഒരു ചെറിയ **പടകിൽ** കയറി കടൽത്തീരത്തായി അൽപം മാറിയപ്പോൾ, **കടൽത്തിരത്തു നിൽക്കുന്ന എല്ലാവർക്കും** കേൾക്കാവുന്ന വിധത്തിലുള്ള സ്വാഭാവിക തിയേറ്ററിന്റെ അനുഭുതി ലഭിക്കുന്നതായിരുന്നു. ആ പ്രസംഗ സ്ഥലത്തെ പാരമ്പര്യമായി വിളിച്ചത് "അഴിമുഖത്തിലെ ഉപമകൾ"[1] എന്നായിരുന്നു. ഈ അഴിമുഖത്തുനിന്ന് ആരെങ്കിലും സംസാരിച്ചാൽ ആയിരക്കണക്കിന് ആളുകൾക്കു കേൾക്കുവാൻ കഴിയുമായിരുന്നു. യേശു സംസാരിച്ച പടക് തന്നെ ഒരു പ്രസംഗപീഠമായിരുന്നു. യെഹൂദ റബ്ബിമാരുടെ പതിവു പോലെ അവൻ ഉപദേശിപ്പാൻ

**ഇരുന്നു** (5:1; 15:29; 24:3; 26:55).

**വാക്യം 3**. അവൻ സംസാരിച്ചു തടങ്ങിയത്, **പലതും ഉപമകളാലായിരുന്നു**. മുൻപ് പല അവസരങ്ങളിലും യേശു ഈ രീതിയിൽ പ്രസംഗിച്ചിരുന്നു എങ്കിലും, മത്തായി "ഉപമ" എന്ന രീതിയിൽ ഇത് ആദ്യമായാണ് പറയുന്നത്. ആദ്യത്തെ രാജ്യ ഉപമയായി യേശു അവതരിപ്പിച്ചതാണ് **വിതെക്കുന്നവന്റെ** ഉപമ. അത് മൂന്നു സംക്ഷിപ്ത സുവിശേഷവിവരണങ്ങളിലുമുണ്ട് (മത്താ. 13; മർ. 4; ലൂക്കൊ. 8). ഉപമകൾ പറയുമ്പോൾ, യേശു തന്റെ സദസ്യർക്ക് പരിചയമുള്ള കാർഷികവും ആടു മേയ്ക്കുന്നതുമായ രംഗങ്ങളെ അവതരിപ്പിച്ച് രംഗം വിശദമാക്കിയിരുന്നു.

"വിതെക്കുന്നവൻ" **വിതെപ്പാൻ പുറപ്പെട്ടു**. താൻ താമസിച്ചിരുന്ന പട്ടണമോ ഗ്രാമമോ വിട്ട്, ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ വിത്ത് വിതെക്കുവാനായി പോയി. വിതെക്കുന്നവരെല്ലാം അതിരാവിലെയാണ് പലപ്പോഴും എഴുന്നേറ്റു പട്ടണങ്ങളിൽനിന്നോ ഗ്രാമങ്ങളിൽനിന്നോ പോകുന്നത്, പകൽ മുഴുവൻ ജോലി ചെയ്ത് വൈകുന്നേരം ആകുമ്പോൾ, പട്ടണമതിലുകൾക്കകത്തേക്കു പോകും (ന്യായാ. 19:16-21; രൂത്ത്. 2:2, 17, 18). സാധാരണ കോതമ്പ് വിതെക്കുന്നത് നവംബർ/ഡിസംബർ മാസങ്ങളിലും കൊയ്യുന്നത് ഏപ്രിൽ/ മേയ് മാസങ്ങളിലുമാണ്.

"പ്രക്ഷേപണ" രീതിയിലാണ് കർഷകർ കൊയ്യുന്നത്. അവർ തങ്ങളുടെ വിത്ത് സഞ്ചി തോളിലിട്ട് വയലിൽകൂടെ നടന്നാണ് വിതെക്കുന്നത്, കൈ നിറയെ വിത്തെടുത്ത് വായുവിൽ കൂടെ വിതറുകയാണ് ചെയ്യുന്നത്. അങ്ങനെ വിതെക്കുമ്പോൾ വിത്ത് എവിടെയാണ് വീണതെന്ന് കൃത്യമായി പറയുവാൻ സാധ്യമല്ല. വിളവു ലഭിക്കത്തക്ക വിത്ത് വീണിട്ടുണ്ടെന്ന് കർഷകന് അറിയാം. നല്ല കാലാവസ്ഥയും അനുകൂല സാഹചര്യവുമാണെങ്കിൽ, നല്ല വിളവ് അവന് ലഭിക്കും. ഈ ഉപമയിൽ വിതെക്കുന്നവനും വിത്തും സ്ഥിരമായിരിക്കുകയും എന്നാൽ മണ്ണിന്റെ അവസ്ഥകൾ വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നു.

**വാക്യം 4. വഴിയരികിൽ വീണ വിത്തിനെ** കുറിച്ചാണ് യേശു ആദ്യം പറഞ്ഞത്. "വഴി" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഹോഡോസ്*) അർത്ഥമാക്കുന്നത്, "ഹൈവേ," "റോഡ്" അല്ലെങ്കിൽ "പാത" എന്നാണ്. ഈ സന്ദർഭത്തിൽ ഉദ്ദേശിക്കുന്നത് "പാത" ആയിട്ടാണ് (എൻഐവിയിലും എൻആർഎസ് വിയിലും). എന്നാൽ പാലസ്തീനിലെ തോട്ടങ്ങൾ അക്കാലത്ത് കൽമതിലുകൾ കൊണ്ടോ വേലി കൊണ്ടോ കെട്ടി സൂക്ഷിച്ചിരുന്നു (സംഖ്യ. 22:24; സദൃശ. 24:30, 31; യെശ. 5:5), പക്ഷെ ധാന്യ വയലുകൾക്ക് വേലിയില്ലായിരുന്നു (12:1 നോക്കുക). അവ തമ്മിൽ ഇടുങ്ങിയ നടപ്പാതയാലും അതിർത്തി കല്ലുകളാലും വേർതിരിച്ചിരുന്നു (ആവ. 19:14; 27:17; ഇയ്യോ. 24:2; സദൃശ. 22:28; 23:10). ആ നടപ്പാതകൾ വർഷങ്ങളായി തറഞ്ഞു കിടക്കുകയാണ്. അതുകൊണ്ട്, വഴിയിലുള്ള കടുപ്പമുള്ളതായതിനാൽ വിത്തിനു മുളക്കുവാൻ കഴിയാതെ മുകളിൽ തന്നെ കിടക്കും, അങ്ങനെ **പക്ഷികൾക്ക്** പെട്ടെന്ന് അവ കൊത്തി തിന്നുവാൻ കഴിയും. കൃഷിക്കാരൻ പിന്നെ വന്നു അതു പെറുക്കി നല്ല നിലത്തു വിതെക്കുവാൻ വരുന്നതിനു മുൻപുതന്നെ അവ പൊയ്പോയിരിക്കും.

**വാക്യങ്ങൾ 5, 6**. ചില വിത്തുകൾ **പാറയുള്ള സ്ഥലത്ത്** വീണു. അത് പാലസ്തീനിൽ സംഭവിക്കുവാൻ വളരെ സാധ്യതയുണ്ട്. പല സ്ഥലങ്ങളിലും ചുണ്ണാമ്പ് കല്ലുകളുടെ മുകളിൽ അൽപം മാത്രം മണ്ണു കാണും, യേശുവിന്റെ കാലത്ത്, യോർദ്ദാൻ കരയിലും, ഗലീലാ കടൽക്കരയിലും ചില സമതല പ്ര

ദേശവും നിരന്ന സ്ഥലവും ഒഴിച്ചാൽ, വിതെച്ചാൽ നല്ല വിളവ് കിട്ടുന്നതിനു വിഷമമുള്ള സ്ഥലങ്ങളാണ് അധികവും.

മണ്ണിന് ആഴമില്ലാത്തതിനാൽ, വിത്ത് പെട്ടെന്ന് **മുളെക്കും**. എങ്ങനെയായാലും, **സൂര്യൻ** ഉദിച്ചുവരുമ്പോൾ, **ചൂട് തട്ടി** അവ ഉണങ്ങി പോകും. ചെടിയുടെ ഇലകളും മറ്റും ആദ്യം ശക്തമാണെന്നു തോന്നിപ്പിക്കും, പക്ഷെ മതിയായത്ര വെള്ളമോ വളമോ ലഭിക്കാതെ അത് പട്ടു പോകും. ലൂക്കൊസ് 8:6 പറയുന്നു "നനവില്ലായ്കയാൽ അവ ഉണങ്ങി പോയി."

**വാക്യം 7**. മൂന്ന്, ചില വിത്തുകൾ **മുള്ളിനിടയിൽ** വീണു (ഇയ്യോ. 31:40; യിരെ. 4:3; മത്താ. 7:16; എബ്രാ. 6:8). "മുള്ളുകൾ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*അകൻതാ*) അർത്ഥം "മുൾച്ചെടികൾ." വിത്ത് ആ മണ്ണിൽ വീഴുന്നു, അതേ സമയത്ത് പ്രകൃതി അവിടെ മുൾവിത്തും വിതെച്ചിരിക്കുന്നു. മുൾച്ചെടികൾ അന്നും - ഇന്നും നന്നായി തഴച്ചു വളരും. ഒരു കൃഷിക്കാരന്റെ ചെറിയ സ്ഥലത്ത് അതു വളർന്നാൽ വലിയ കുഴപ്പമാണ്; അതേ സമയം അയാൾ അതു കാര്യമാക്കാതെ പോയാൽ, മുള്ളുകൾ വളർന്ന് നല്ല ചെടിയെ നശിപ്പിക്കും (സദൃശ. 24:30-34). ഒരു നിലം നന്നാക്കുമ്പോൾ, മുൾച്ചെടികൾ അടിചേർത്തു വെട്ടിക്കളഞ്ഞാലും വേഗത്തിൽ പിന്നെയും പൊടിച്ചുവരും. അതൊഴിവാക്കുവാൻ മുൾച്ചെടികൾ വേരോടെ പിഴുതുകളയണം. ഈ ഉപമയിൽ നല്ല ചെടികൾക്കൊപ്പം **മുള്ളും വളർന്നു ക്രമേണ ... നല്ല ചെടികളെ ഞെരുക്കിക്കളഞ്ഞു.** മതിയായ ആഹാരവും, വെള്ളവും, സൂര്യപ്രകാശവും എല്ലാം ഉണ്ടായിട്ടും നല്ല ചെടികൾ നശിച്ചുപോയി.

**വാക്യം 8**. നാല്, യേശുവിന്റെ ഉപമയിലെ മറ്റു ചില വിത്തുകൾ **നല്ല നിലത്തു വീണു നൂറും, അറുപതും, മുപ്പതും മേനിയായി വിളഞ്ഞു**. ക്രെയിഗ് എസ്. കീനർ പറഞ്ഞതനുസരിച്ച്, അന്നത്തെ വിളവെടുപ്പിൽ, അവർ വിതെച്ചതിന്റെ ഏഴ - ര മുതൽ പത്ത് ഇരട്ടി വരെയായിരുന്നു ലഭിച്ചിരുന്നത്.[2] യേശു പറഞ്ഞ ഉപമയിലെ വിവിധ മണ്ണുകൾ അത്ഭുതകരമല്ലെങ്കിലും, അസാധാരണമായിരുന്നു.[3] പിതാക്കന്മാരുടെ കാലത്ത് ദൈവാനുഗ്രഹമായി യിസഹാക്കിന് നൂറു മേനി വിളവ് ലഭിച്ചിരുന്നു (ഉല്. 26:12). പിന്നീട് അത്തരം വിളവെടുപ്പ് ലഭിച്ചിരുന്നതായി യെഹൂദ എഴുത്തുകൾ വെളിപ്പെടുത്തുന്നു.[4] ഈ സമൃദ്ധിയുള്ള വയലുകൾ, ഉൽപാദിക്കപ്പെടാതെ പോയതും പാഴായി പോയതുമായി വിത്തുകളുടെ നഷ്ടം നികത്തുന്നതായിരുന്നു.

**വാക്യം 9**. യേശു ഉപസംഹരിച്ചു പറഞ്ഞു, "**ചെവിയുള്ളവൻ കേൾക്കട്ടെ**" (11:15 ന്റെ പരാമർശം നോക്കുക). കേൾക്കുന്നവർ ഉപമയുടെ അർത്ഥം മനസിലാക്കണമെന്ന് അവൻ ആഗ്രഹിച്ചു. ആ പ്രബോധനം വാക്യം 43-ൽ ആവർത്തിച്ചിരിക്കുന്നു. യേശു ആ ഉപമ 13:18-23-ൽ വിശദമാക്കുകയും ചെയ്തു.

## ഉപമയും - അതിന്റെ ഉദ്ദേശവും
## (13:10-17)

**10പിന്നെ ശിഷ്യന്മാർ അടുക്കെ വന്നു. "അവരോട് ഉപമകളായി സംസാരിക്കുന്നത് എന്ത് എന്നു അവനോട് ചോദിച്ചു". 11അവൻ അവരോട് ഉത്തരം പറഞ്ഞതു, "സ്വർഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു. അവർക്കോ ലഭിച്ചിട്ടില്ല. 12ഉള്ളവന്നു കൊടുക്കും; അവന്നു**

**സമൃദ്ധിയുണ്ടാകും. ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തു കളയും.**
**[13]അതുകൊണ്ട് അവർ കണ്ടിട്ടു കാണാതെയും, കേട്ടിട്ട് കേൾക്കാതെയും,**
**ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളായി അവരോട് സംസാരി**
**ക്കുന്നു.**
**[14]'നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ല താനും; കണ്ണാൽ കാ**
**ണും ദർശിക്കയില്ല താനും; ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ**
**ചെവി കൊണ്ട് മന്ദമായി കേൾക്കുന്നു, കണ്ണു അടെച്ചിരിക്കുന്നു; അവർ കണ്ണു**
**കാണാതെയും ചെവി കേൾക്കാതെയും ഹൃദയംകൊണ്ട് ഗ്രഹിക്കാതെയും**
**തിരിഞ്ഞുകൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേ**
**ണ്ടതിനു തന്നെ.'**
**[15]എന്നു യെശയ്യാവ് പറഞ്ഞ പ്രവാചകത്തിന്ന് അവരിൽ നിവൃത്തി**
**വരുന്നു. [16]എന്നാൽ നിങ്ങളുടെ കണ്ണ് കാണുന്നതുകൊണ്ടും, നിങ്ങളുടെ**
**ചെവി കേൾക്കുന്നതുകൊണ്ടും ഭാഗ്യമുള്ളവ. [17]ഏറിയ പ്രവാചകന്മാരും നീ**
**തിമാന്മാരും നിങ്ങൾ കാണുന്നതു കാൺമാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല; നി**
**ങ്ങൾ കെൾക്കുന്നത് കേൾക്കുവാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്നു ഞാൻ**
**സത്യമായിട്ടു നിങ്ങളോട് പറയുന്നു."**

**വാക്യം 10.** ശിഷ്യന്മാർ പിന്നീട് യേശുവിന്റെ അടുക്കൽ വന്നു അവനോട് ചോദിച്ചു, "**നീ എന്തിനാണ് അവരോട് ഉപമകളാൽ സംസാരിക്കുന്നത്?**" അവൻ വീട്ടിൽ ആയിരുന്നപ്പോഴായിരിക്കാം ഒരുപക്ഷെ ശിഷ്യന്മാർ ആ ചോദ്യം ചോദിച്ചത് (13:36). മർക്കൊസ് 4:10 പറയുന്നു "അവൻ തനിച്ച് ആയിരുന്നപ്പോഴായിരുന്നു" ശിഷ്യന്മാർ അവനോട് ചോദിച്ചത്.

യേശു മുൻപും ഉപമകളിൽ സംസാരിച്ചിരുന്നു, എന്നാൽ ഇത്ര വിപുലമായിട്ടായിരുന്നില്ല. യേശുവിന്റെ ഉപദേശ രീതികളിലെ വ്യത്യാസം അവന്റെ ശിഷ്യന്മാർ മനസിലാക്കുകയും, അതിൽ ആശ്ചര്യപ്പെടുകയും ചെയ്തിരുന്നു. യേശുവിന്റെ ഉപമകൾ പലതും ശിഷ്യന്മാർക്കു മനസിലാക്കുവാൻ പ്രയാസമായിരുന്നു എന്നാണ് അവരുടെ ചോദ്യങ്ങൾ സൂചിപ്പിക്കുന്നത്.

**വാക്യം 11.** കർത്താവ് പ്രതികരിച്ചു, "**സ്വർഗരാജ്യത്തിന്റെ മർമ്മം അറിയുവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു.**" "മർമ്മം" എന്ന വാക്കും "രാജ്യം" എന്ന വാക്കും ദാനിയേൽ 2-ൽ ഒരുമിച്ചു വന്നിരിക്കുന്നു, അവിടെ ദൈവത്തിന്റെ നിത്യരാജ്യം വരുന്നതിനെ കുറിച്ചായിരുന്നു പ്രവാചകൻ മുന്നറിയിച്ചത് (ദാനി. 2:18, 19, 22, 23, 27, 30, 44, 47). "മർമ്മം" എന്ന ഗ്രീക്ക് വാക്ക് (*മസ്റ്റേരിയോൻ*) ഒരിക്കൽ മറഞ്ഞിരുന്നതും ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു എന്നുമാണ് സൂചിപ്പിക്കുന്നത്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ദൈവത്തിന്റെ രംഗത്തിനു-പിന്നിലുള്ള-പദ്ധതി, മനുഷ്യരെ രക്ഷിക്കുവാൻ (യെഹൂദന്മാരേയും ജാതികളേയും) ക്രിസ്തുവിന്റെ യാഗവും സഭ സ്ഥാപിക്കലും മുഖാന്തരമാണ് (റോമർ. 16:25, 26; എഫെ. 3:4-12; കൊലൊ. 1:25-27).

ദൈവകൃപയാലാണ് "രാജ്യത്തിന്റെ മർമ്മങ്ങൾ" ദൈവം വെളിപ്പെടുത്തിയത്. എങ്ങനെയായാലും, യേശുവിനെ കേൾക്കുവാൻ തയ്യാറാകാതിരുന്നവർ, അവയെ മനസിലാക്കുവാനുള്ള അവസരം തള്ളിക്കളഞ്ഞു. രാജ്യം സ്ഥാപിക്കുവാൻ വന്ന മശിഹയാണ് യേശു എന്നു ശിഷ്യന്മാർ വിശ്വസിച്ചു, ആകയാൽ അവർക്ക് ഉപമകൾ കൂടുതൽ മനസിലായി.

**വാക്യം 12.** ഒരു പ്രോൽസാഹനമായി യേശു തന്റെ ശിഷ്യന്മാരോട് പ

റഞ്ഞു, "**ഉള്ളവന്നു കൊടുക്കും; അവന്നു സമൃദ്ധിയുണ്ടാകും; ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തുകളയും**" (25:29; മർ. 4:25; ലൂക്കൊ. 8:18; 19:26). കർത്താവിന്റെ ഉപമകളിലെ സന്ദേശം മനസിലാക്കിയവർക്ക് കൂടുതൽ സത്യം ഗ്രഹിക്കുവാനുള്ള വരം അവൻ നൽകും. ആത്മിയമായി വിവേചിക്കുവാൻ കഴിവില്ലാത്തവർക്ക് ഉപമയുടെ പൊരുൾ മനസിലാകുകയില്ല. അവർ മനസിലാക്കുവാൻ ശ്രമിക്കുന്നില്ല. അക്കാരണത്താൽ യേശു പറഞ്ഞു, അവർക്ക് ലഭിച്ച ആത്മിയ അറിവും അവരിൽനിന്നു എടുത്തു കളയും.

**വാക്യങ്ങൾ 13-15.** പ്രതികരിക്കാൻ കഴിയാത്തവർക്ക് തന്റെ സന്ദേശം മൂടുപടമാകുവാൻ യേശു **ഉപമകളിൽ** സംസാരിച്ചു തന്റെ സന്ദേശം മനസിലാക്കുവാൻ അവരുടെ ഹൃദയ കാഠിന്യം അനുവദിച്ചില്ല. അവന്റെ സന്ദേശം ഉൾക്കൊള്ളുവാൻ കഴിയാതിരുന്നതിനെ നമ്മുടെ രക്ഷകൻ കണ്ടതു **യെശയ്യാവിന്റെ പ്രവചന** നിവർത്തീകരണമായിട്ടാണ്. അവൻ ഉദ്ധരിച്ചത് യെശയ്യാവ് 6:9, 10 ആയിരുന്നു, സെപ്ത്വജിന്റിലെ വാക്കുകളാണ് അവൻ ഉപയോഗിച്ചത് (യോഹ. 12:39-41; പ്രവൃ. 28:25-27).

അവർ **കേട്ടിരുന്നു** എങ്കിലും, **ഗ്രഹിച്ചില്ല**; അവർ **കാണുന്നു**ണ്ടായിരുന്നു, എന്നാൽ **ദർശിച്ചില്ല**. എന്നാൽ മൂല പ്രസ്താവന (യെശയ്യാവിന്റെ പ്രവചന ആഹ്വാനമായിരുന്നു സന്ദർഭം) അത് തീർച്ചയായും യേശു സംസാരിച്ചതായ ആളുകളിൽ പ്രായോഗികമാക്കുകയായിരുന്നു. ആവർത്തിച്ച് അവർ ദൈവ വചനം കേട്ടിരുന്നു എങ്കിലും, മന്ദീഭവിക്കയും മനസിലാക്കുവാൻ അവരുടെ മനസു തുറക്കാതിരിക്കുകയും ചെയ്തു. സത്യം കേൾക്കാതിരിപ്പാൻ **അവർ ചെവി** അടച്ചിരുന്നു, അർത്ഥം കാണാതിരിപ്പാൻ **അവരുടെ കണ്ണുകളും** അടച്ചിരുന്നു. അവരുടെ മത്സരം ദൈവം ക്ഷമിക്കുന്നതിനു തടസമായിതീർന്നു.

**വാക്യം 16.** പുരുഷാരത്തിൽ നിന്ന് വ്യത്യസ്തമായി, ശിഷ്യന്മാർ ആത്മിയ സത്യങ്ങൾക്ക് തുറന്ന മനസുള്ളവരായിരുന്നു. തൽഫലമായി, യേശു അവരിൽ ഒരു അനുഗ്രഹം പകർന്നു: "**എന്നാൽ നിങ്ങളുടെ കണ്ണു കാണുന്നതു കൊണ്ടും ചെവി കേൾക്കുന്നതു കൊണ്ടും ഭാഗ്യമുള്ളവ.**" അവരുടെ ഹൃദയങ്ങൾ പ്രതികരണശേഷി ഉള്ളതാകയാൽ അവർ യേശു അവതരിപ്പിച്ച സത്യം കാണുകയും കേൾക്കുകയും ചെയ്തു. എങ്ങനെയായാലും, എന്നിട്ടും ചിലപ്പോൾ മനസിലാക്കുവാൻ അവർ മാന്ദ്യമുള്ളവർ ആയിരുന്നു (15:15, 16).

**വാക്യം 17.** പഴയ നിയമ **പ്രവാചകന്മാർ** അസംഖ്യം പ്രധാനപ്പെട്ട ഭാവി സംഭവങ്ങൾ മുന്നറിയിക്കുകയുണ്ടായി, എന്നാൽ അവർ പ്രവചിച്ച എല്ലാ പ്രവചനങ്ങളും അവർക്ക് മനസിലായോ എന്നത് സംശയാസ്പദമാണ്. ഉദാഹരണത്തിന് ദാനിയേലിന് കാണിച്ചു കൊടുത്തതിൽ അവൻ അമ്പരന്നു (ദാനി. 9:1-27), അതുകൊണ്ട് അവൻ ദൈവത്തോട് പ്രാർത്ഥിച്ചു. ദാനിയേലിന്റെ പ്രാർത്ഥനയുടെ ഫലമായി ഗബ്രിയേലിനെ അയച്ച് "അവന് മനസിലാക്കുവാനുള്ള ഉൾക്കാഴ്ച്ച നൽകി" (ദാനി. 9:22). അന്നു ശിഷ്യന്മാർ അനുഭവിച്ചതിനെ പ്രവാചകന്മാർ **അറിയുവാൻ വലുതായി കാംക്ഷിച്ചിരുന്നു**. പത്രോസ് എഴുതി,

> നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ **ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻ** ആത്മാവു ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞു നോക്കി,

> തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്നു അവർക്കു വെളിപ്പെട്ടു; സ്വർഗ്ഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു (1 പത്രൊ. 1:10-12).

യേശുവിൻെറ ഉപമകളും മറ്റ് ഉപദേശങ്ങളും പ്രവാചകന്മാർക്ക് വെളിപ്പെടുത്തി കൊടുക്കാതിരുന്ന സത്യങ്ങളും അപ്പൊസ്തലന്മാർക്ക് മനസിലാക്കുവാൻ കഴിഞ്ഞു. ക്രമേണ, സഭയുടെ സ്ഥാപനവും ദൂതന്മാർക്ക് വെളിപ്പെടുത്തി കൊടുത്തതിൽ "ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനവും" ഉൾപ്പെടുന്നു (എഫേ. 3:8-12). ("പ്രവാചകന്മാരോട്" ചേർന്ന് **നീതിമാന്മാരായ പുരുഷന്മാരേയും** പറഞ്ഞിരിക്കുന്നു, 10:41 ന്റെ പരാമർശം നോക്കുക.)

## ഉപമയും - അതിന്റെ വിശദീകരണവും
## (13:18-23)

**18"എന്നാൽ വിതക്കുന്നവന്റെ ഉപമ കേട്ടുകൊൾവിൻ. 19ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തു കളയുന്നു; ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടതു. 20പാറസ്ഥലത്തു വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നതു ആകുന്നു എങ്കിലും വേരില്ലാതിരിക്കയാൽ അവൻ ക്ഷണികനത്രേ. 21വചനംനിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. 22മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലനായി തീരുന്നതാകുന്നു. 23നല്ല നിലത്തു വിതക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നതു ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നല്കുന്നു."**

**വാക്യം 18. വിതെക്കുന്നവന്റെ ഉപമയുടെ** അർത്ഥം, രഹസ്യമായി യേശു ശിഷ്യന്മാർക്ക് വിശദമാക്കിക്കൊടുത്തു (13:10 ന്റെ പരാമർശം നോക്കുക). അവൻ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതിനു അവരോടു ആഹ്വാനം ചെയ്തു; വെറുതെ "**കേൾക്കുക,**" എന്നതിനു പകരം ഗ്രീക്കിൽ, "*നിങ്ങൾ* കേൾക്കുക" എന്നാണ്. തുറന്ന മനസുണ്ടായിരുന്നതു കൊണ്ട്, അവർക്ക് മനസിലാക്കുവാൻ കഴിഞ്ഞു.

ഉപമയിലെ വിതക്കാരൻ ആരായിരുന്നു? "യേശു" എന്നതാണ് ആദ്യത്തെ ഉത്തരം, ഈ അദ്ധ്യായത്തിൽ പിന്നീട് വരുന്ന കളയുടെ ഉപമയിൽ, യേശു പറഞ്ഞു, "നല്ല വിത്ത് വിതെക്കുന്നവൻ മനുഷ്യപുത്രൻ" (13:37). അവനായിരുന്നു ആദ്യം രാജ്യത്തിന്റെ വിത്ത് വ്യാപിപ്പിച്ചത്. എന്നിരുന്നാലും, അവൻ തന്റെ ശിഷ്യന്മാരെ ആദ്യം പരിമിത ദൗത്യങ്ങളാൽ അയക്കുകയും ക്രമേണ അവരെ "ഭൂലോകത്തിലൊക്കേയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ" എന്ന് നിർദ്ദേശിക്കുകയും ചെയ്തു (മർ. 16:15). അതുകൊണ്ട്, വിതക്കാരൻ എന്നു പറയുന്നത് സന്ദേശം വ്യാപിപ്പിക്കുന്ന ഏതൊരു

ശിഷ്യനും ആകാം.

ഈ ഉപമയിലെ വിത്ത് നമുക്ക് എങ്ങനെ കാണുവാൻ കഴിയും? എന്നാൽ മത്തായിയുടെ വിവരണം പറയുന്നത് "[രാജ്യത്തിന്റെ] വചനം" എന്നാണ് (13:19-23). ലൂക്കോസിൻെറ വിവരണം പറയുന്നത് "വിത്ത് ദൈവത്തിൻെറ വചനം" എന്നാണ് (ലൂക്കൊ. 8:11).

ഉപമയുടെ മുഖ്യ ഘടന മണ്ണുകളാണ്. അവ വ്യത്യസ്ത തരത്തിലുള്ള കേൾവിക്കാർ അല്ലെങ്കിൽ ഹൃദയങ്ങളാണ്. "വിതെക്കാരന്റെ ഉപമ," എന്ന് അതിനെ പറയുന്നുവെങ്കിലും വിത്ത് സ്വികരിക്കുന്ന മണ്ണുകളെയാണ് വാസ്ത വത്തിൽ ഊന്നിപറയുന്നത്. വിതെക്കപ്പെട്ട വചനം വിവിധ പ്രതലങ്ങളിൽ വീഴുന്നതുകൊണ്ട് വ്യത്യസ്തമായാണ് പ്രതികരിക്കുന്നത്.

**വാക്യം 19**. ആദ്യം, **വഴിയരികിൽ** വീണ **വിത്ത്** (13:4 നോക്കുക) തയ്യാ റില്ലാത്തതും കഠിനപ്പെട്ടതുമായ ഹൃദയങ്ങളായതുകൊണ്ട് മുളക്കുവാൻ കഴി ഞ്ഞില്ല. നിലത്ത് മുകളിൽ വീണ വിത്ത് ഇരതേടുന്ന പക്ഷികൾക്ക് വ്യക്തമായി കാണാവുന്നതിനാൽ, അവ കൊത്തിത്തിന്നും. ഇവിടെ പ്രശ്നം വിത്തിനായി രുന്നില്ല, എന്നാൽ മണ്ണിനായിരുന്നു കുഴപ്പം. **രാജ്യത്തിന്റെ വചനം കേട്ടിട്ട് ഗ്രഹിക്കാത്ത ഹൃദയങ്ങളെയാണ് ഇവിടെ** പറയുന്നത്. അവർക്ക് മനസിലാ ക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം പക്ഷികളെ പോലെ (13:4), **ദുഷ്ടൻ വന്ന്, വിത്ത് വേരൂന്നുന്നതിനു മുമ്പ്** എടുത്തുകളയും.

"ദുഷ്ടൻ എന്നത് തീർച്ചയായും സാത്താൻ തന്നെയാണ്. ബൈബിളിനു പുറത്തുള്ള യഹൂദ എഴുത്തുകളിൽ അവനെ കുഴപ്പം പിടിച്ച പക്ഷികളോടു ഉപമിച്ചിരുന്നു. ഒരിക്കൽ, അവൻ "മനുഷ്യർ മണ്ണിൽ വിതച്ച വിത്തുകൾ തിന്നുവാൻ" പക്ഷികളെ അയച്ചതായി പറയുന്നു. "വിതെച്ച വിത്ത് ഉഴുതു മറിക്കുന്നതിനു മുമ്പ്, കാക്കകൾ വന്നു മണ്ണിനു മുകളിലുള്ള വിത്തുകളെ പെറുക്കി തിന്നു കളയും."[5]

ആളുകളുടെ ഹൃദയത്തിൽ നിന്ന് കേട്ട വചനം സാത്താൻ പല രീതികളി ലാണ് എടുത്തുകളയുന്നത് വ്യത്യസ്ത അലങ്കാരങ്ങളുപയോഗിച്ച് പൗലൊസ് പറഞ്ഞു. "ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസിക ളുടെ മനസ്സു കുരുടാക്കി" (2 കൊ. 4:4). സാത്താന്റെ തന്ത്രങ്ങളെ ദൈവമക്കൾ അറിയാതെ പോകരുത് (2 കൊ. 2:11; എഫെ. 4:27; 2 തിമൊ. 2:26; 1 പത്രൊ. 5:8; 1 യോഹ. 2:14-17).

**വാക്യങ്ങൾ 20, 21**. രണ്ട്, **പാറമേൽ വീണ വിത്തിനെ** യേശു വിശദീ കരിച്ചു (13:5 നോക്കക.). ഇത് ഒരു മനുഷ്യൻ പെട്ടെന്ന് **സന്തോഷത്തോടെ സന്ദേശം കൈക്കൊള്ളുന്നതിനെയാണ്** സൂചിപ്പിക്കുന്നത്. എന്നിരുന്നാലും ചെടി പെട്ടെന്ന് വാടിപ്പോകുന്നു കാരണം, **ഉപദ്രവവും ഞെരുക്കവും വരു മ്പോൾ**, അത്തരത്തിലുള്ള ആൾ **പിൻമാറിപ്പോകുന്നു**. "വീണുപോകുന്നു," എന്നതിനു പകരം ആർഈബി പറയുന്നത് ആ വ്യക്തിക്കു "നിലനിൽക്കുവാനുള്ള ശക്തി ഇല്ല എന്നാണ്." ലൂക്കൊസ് 8:13 പറയുന്നു "അയാൾ തൽക്കാലം വിശ്വസിക്കു [ന്നു]." തീർച്ചക്ക് കഴമ്പില്ല എന്നതാണ് അയാളുടെ പ്രശ്നം. **ആഴത്തിൽ വേരുന്നാതിരിക്കുന്നതിനാൽ** അയാൾ പെട്ടെന്ന് വീണുപോകും. സൂര്യോഷ്ണം എന്ന് പറയുന്നത് ആദ്യത്തെ ഉപദ്രവമോ പരീക്ഷണമോ ആകാം (13:6), അയാൾ അങ്ങനെ തെറ്റിപ്പോകുന്നു. ആർ. റ്റി. ഫ്രാൻസ് പറഞ്ഞത് "ക്രമേണ ഉണ്ടാകുന്ന ഉത്സാഹ രാഹിത്യമെല്ലാം, പക്ഷെ പെട്ടെന്നുണ്ടാകുന്ന

സമ്മർദ്ദത്താലുള്ള വീഴ്ച്ചയാണ്."[6]

**വാക്യം 22**. മൂന്ന്, വിതെച്ചപ്പോൾ ചിലത് മുള്ളിനിടയിൽ വീണു (13:7 നോക്കുക). ഈ **ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും** വചനത്തെ ഞെരുക്കി നിഷ്ഫലമാക്കുന്നു. തൽഫലമായി അവർ ആത്മിയ മായി ഫലമില്ലാത്തവരാകുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ പറയു ന്നത് "അത്തരത്തിലുള്ളവർ പൂർണ്ണമായി ഫലം കൊടുക്കാത്തവർ" എന്നാ ണ് (ലൂക്കൊ. 8:14). "ലോകത്തിന്റെ ചിന്തകളും," "ധനത്തിന്റെ വഞ്ചനയും" യേശു മലമ്പ്രസംഗത്തിൽ ചേർത്ത് ചർച്ച ചെയ്തിരുന്നു (6:19–34). നിത്യമായ കാര്യങ്ങളിൽനിന്നു ക്രിസ്തുവിന്റെ അനുയായികളുടെ ശ്രദ്ധ താൽക്കാലിക മായവയിലേക്ക് മാറിപ്പോകരുതെന്ന് അവൻ ആഗ്രഹിക്കുന്നു. ജീവിതത്തിലെ കുഴപ്പങ്ങൾ നിമിത്തം ധനാഗമ മാർഗത്തിലേക്ക് ചിന്ത തിരിയുവാൻ സാധ്യ തയുണ്ട്. ധനം വഞ്ചിക്കുന്നതാണ് കാരണം അതിനു കഴിയാത്തതിനെ അതു വാഗ്ദാനം ചെയ്യുകയും, അവസാനം എല്ലാ ധനത്തിന്റേയും ഉറവിടമായ ദൈവത്തെ മറക്കുകയും ചെയ്യും (ആവ. 8:11–20; സദൃശ. 30:7–9; സഭാ. 2:4–11; ലൂക്കൊ. 12:13–34; 1 തിമൊ. 6:17–19; എബ്രാ. 13:5, 6).

**വാക്യം 23**. നാല്, **നല്ല നിലത്ത് വിതെച്ച വിത്ത്** (13:8 നോക്കുക). വചനം **കേട്ട് ഗ്രഹിക്കുന്നവനെയാണ്** അത് പ്രതിനിധാനം ചെയ്യുന്നത്. "നല്ലതും ആത്മാർത്ഥതയുമുള്ള ഹൃദയം അത്തരത്തിലുള്ളവർക്ക് ഉണ്ടെന്നാണ് യേശു പറഞ്ഞത്" (ലൂക്കൊ. 8:15). അവർ "വചനം" കേൾക്കുക മാത്രമല്ല, മനസിലാ ക്കുകയും, വചനം ഹൃദയത്തിൽ വേരൂന്നി വളരുവാൻ അനുവദിക്കുകയും ചെയ്യുന്നു. അവരിൽ ആത്മിയമായ ആഴവും ദൃഢചിത്തതയും ഉണ്ട്. ജീവി തത്തിലെ പ്രശ്നങ്ങൾ അവരെ കുലുക്കുകയില്ല. ശരിയായ ധനത്തിന്റെ വില അറിയാവുന്നതിനാൽ, ധനത്തിന്റെ ആകർഷണീയതയിൽ അവർ വഞ്ചിതരാ കുകയില്ല (എബ്രാ. 11:24–26 നോക്കുക).

വിശ്വസ്തരായി നിലനിൽക്കുന്ന കേൾവിക്കാരും **ഫലം പുറപ്പെടുവിക്കും**. ആത്മീയ സഹിഷ്ണുത ആവശ്യമാണെന്ന് യേശു ഊന്നി പറഞ്ഞിരിക്കുന്നു. ക്ഷമയോടെ [വചനം] മുറുകെ പിടിക്കുന്നവരും ഫലം കായ്ക്കും (ലൂക്കൊ. 8:15). വിവിധ വയലുകൾ **നൂറും, അറുപതും, മുപ്പതും** മേനി വിളയും എന്നതു വിശ്വാസികളുടെ പ്രത്യുൽപാദനശേഷിയെ ആണ് കാണിക്കുന്നത്. യേശു പറഞ്ഞു, "ഒരുത്തൻ എന്നിലും, ഞാൻ അവനിലും വസിച്ചാൽ നിങ്ങൾ വളരെ ഫലം കായ്ക്കും, എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ. 15:5). "ദൈവത്തിന് ഫലം പുറപ്പെടുവിക്കേണ്ടതിന്" ക്രിസ്ത്യാനികൾ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്തിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (റോമർ. 7:4). ഒരു വിവാഹം ഫലം പുറപ്പെടുവിക്കുക എന്നാൽ മക്കൾ ഉണ്ടാകുക എന്നാണർത്ഥം. ക്രിസ്തുവിനെ വിവാഹനിശ്ചയം ചെയ്തിരിക്കുന്നവർ ദൈവത്തിനായി മക്കളെ ജനിപ്പിക്കണം. ക്രിസ്ത്യാനിക ളുടെ ജീവിതത്തിൽ മറ്റു ഫലങ്ങളും പുറപ്പെടുവിക്കേണ്ടതാണ് (ഗലാ. 5:22, 23 നോക്കുക). ഫലം പുറപ്പെടുവിക്കാത്തവരെ ഉണങ്ങിയ ഒരു കൊമ്പ് വെട്ടി തീയിലിട്ടു ചുട്ടുകളയുന്നതുപോലെ തീപ്പൊയ്കയിലേക്ക് തള്ളിക്കളയും (യോഹ. 15:6).

ക്രിസ്ത്യാനികൾ വചനം വിതെക്കുന്നവരും, വയലിനെ ഓർത്ത് പ്രാർത്ഥി ക്കുന്നവരുമായിരിക്കണം. നാം വചനം വിതെച്ച് ക്ഷമയോടെ കാത്തിരുന്നാൽ ദൈവം തന്റെ ഭാഗം നിർവ്വഹിക്കും.

## പാഠങ്ങൾ

### രാജ്യത്തിന്റെ വിത്ത് വിതെക്കൽ (13:1-9, 18-23)

സുവിശേഷം ലോകമെങ്ങും എത്തിക്കുവാനുള്ള വഴിയും വിതെക്കാരന് യേശു തന്റെ ഉപമയിൽ നൽകിയിരിക്കുന്നു. വിത്ത് ശ്രദ്ധിക്കുന്നതു നല്ലതാണ്, എന്നാൽ അത് "പ്രക്ഷേപണം" പോലെ ഫലപ്രദമായിരിക്കുകയില്ല. നാം വിത്ത് കരുതി വെക്കാതെ വിതെച്ചാൽ, അത് നല്ല മണ്ണിൽ വീണാൽ, അതായത് നല്ല ഹൃദയങ്ങളിൽ പതിച്ചാൽ, സമൃദ്ധമായ ഫലം ഉണ്ടാകുക തന്നെ ചെയ്യും. നാം വിതെക്കുകയും നനെക്കുകയും ചെയ്താൽ, പിന്നെ എല്ലാം ദൈവം നോക്കിക്കൊള്ളും. പൗലൊസ് വിശദമാക്കി, "ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രെ വളരുമാറാക്കിയത്" (1 കൊ. 3:6). ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്, "എന്റെ വചനം ... വെറുതെ എന്റെ അടുക്കലേക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും, ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശ. 55:11)

ഓരോ വിത്തും അതാതിന്റെ ഫലം പുറപ്പെടുവിക്കും എന്നതാണ് ദൈവത്തിന്റെ വിതെയും കൊയ്ത്തും എന്ന നിയമം (ഉപ്. 1:11, 12). നാം ഏതെങ്കിലും ഒരു വിത്ത് നട്ടാൽ, അതിന്റെ ഫലമാണ് അതിൽനിന്നു ലഭിക്കുക എന്ന് നമുക്ക് അറിയാം. ഭൗതികഗോളത്തിൽ സത്യമായ കാര്യങ്ങൾ ആത്മിയ ഗോളത്തിലും വാസ്തവമാണ് (ഗലാ. 6:7-9). നാം ആത്മിയമായി വിതെച്ചാൽ അതിൽ നിന്ന് ആത്മിയ ഫലം ലഭിക്കും. ദൈവത്തിന്റെ ശുദ്ധമായ വചനം വിതെച്ചാൽ, ക്രിസ്ത്യാനികളെ മാത്രമാണ് പുറപ്പെടുവിക്കുന്നത്.

യേശു ഫലത്തിൽ, പറഞ്ഞു, "പോയി ഉപദേശിക്കയും സ്നാനം കഴിപ്പിക്കയും, കൂടുതൽ ഉപദേശിക്കയും ചെയ്വിൻ" (28:18-20 നോക്കുക). മറ്റുള്ളവർ ആത്മിയ ആഴത്തിലെത്തുവാനുള്ള ഉത്തരവാദിത്വം നമുക്ക് ഇല്ല. എന്നാൽ വിത്ത് വിതെക്കുവാനുള്ള ഉത്തരവാദിത്വം നമുക്ക് ഉണ്ട്. യേശു അതു ചെയ്തു (7:29; മർ. 1:27), പൗലൊസ് അതു ചെയ്യുവാൻ കൽപിച്ചു (1 തിമൊ. 4:16; 2 തിമൊ. 3:16).

### വ്യത്യസ്ത തരത്തിലുള്ള മണ്ണ് (13:1-9, 18-23)

യേശുവിന്റെ ഉപമയിലേതുപോലെ, സുവിശേഷ വിത്ത് ഇന്നും വീഴുന്നത് വ്യത്യസ്തമായ മണ്ണിലാണ്. മണ്ണ് സൂചിപ്പിക്കുന്നത് വിവിധ രീതികളിലുള്ള ആളുകളേയും അവർക്ക് ദൈവ വചനത്തോടുള്ള പ്രതികരണത്തേയുമാണ്.

*കാഠിന്യമുള്ള മണ്ണ് (വഴി).* ചില ആളുകളുടെ കാഠിന്യമുള്ള ഹദയത്തിലേക്ക് സുവിശേഷ വിത്ത് പ്രവേശിച്ച് മുളക്കുകയില്ല. അവർ ദൈവത്തിന്റെ പരിശുദ്ധിയും, അവരുടെ പാപവും, ക്രിസ്തുവിന്റെ പാപമോചന യാഗവും, വരുവാനുള്ള ന്യായവിധിയും അതിന്റെ അനന്തരഫലവും യഥാർത്ഥത്തിൽ മനസിലാക്കുന്നില്ല.അതുകൊണ്ട്, സുവിശേഷം അവർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല.

*പാറയുള്ള മണ്ണ്.* മറ്റു ചിലർ സുവിശേഷം സന്തോഷത്തോടെ കൈക്കൊള്ളും; പക്ഷെ പ്രതിസന്ധികളും പ്രതികൂലങ്ങളും വരുമ്പോൾ, അവർ ആത്മിയമായി വാടി ഇല്ലാതാകും. അവർ ക്രിസ്തുവിൽനിന്നു പിന്തിരിഞ്ഞു ലോകത്തിലേക്ക് പോകും.

*മുള്ളുള്ള മണ്ണ്.* സുവിശേഷ സന്ദേശം സ്വീകരിക്കുന്നവർ ആത്മീയ ഫലം പുറപ്പെടുവിക്കാതിരിക്കേണ്ടതിനു അവരുടെ ജീവിതത്തിന്റെ "മുള്ളുകൾ" അവരെ ഞെരുക്കിക്കളയും അത്തരത്തിൽ പെടുന്നവരാണ് ഇന്നത്തെ അനേക ക്രിസ്ത്യാനികൾ. ആത്മീയ പുരോഗതിക്ക് സമയം ലഭിക്കാത്ത വിധത്തിൽ വ്യക്തിപരമായ താല്പര്യങ്ങളും ജോലിയും അവരിൽ നിറഞ്ഞു നിൽക്കുകയാണ്. പ്രാർത്ഥന, ബൈബിൾ പഠനം, സഭായോഗം, സന്ദർശനം, വ്യക്തിപരമായ സുവിശേഷ പ്രവർത്തനം, മറ്റു സേവനങ്ങൾ എല്ലാം അവർക്കു പുറത്തായി തീരുന്നു. തൽഫലമായി, അവർ യജമാനനുവേണ്ടി വളരെ കുറച്ചുമാത്രം ഫലം പുറപ്പെടുവിക്കുന്നവരായിരിക്കും.

*നല്ല മണ്ണ്.* ദൈവത്തോട് മൃദുത്വ സമീപനമുള്ളവർ സുവിശേഷം ലഭിക്കുമ്പോൾ സന്തോഷത്തോടെ കൈക്കൊള്ളുകയും. വിശ്വസ്തതയോടും ആത്മീയ അച്ചടക്കത്തോടും, തങ്ങളുടെ ക്രിസ്തീയ വേരുകൾ ശക്തമാക്കി ആവർ വളർന്നുകൊണ്ടിരിക്കും. അതിന്റെ ഫലമായി, അവർ കർത്താവിനു വളരെ ഫലം പുറപ്പെടുവിക്കും.

*ഉപസംഹാരം.* ഓരോ വ്യക്തിയും തന്നോടു തന്നെ ചോദിക്കണം, "ഞാൻ ഏതു തരം മണ്ണാണ്?" "രാജ്യത്തിൽ കൂടുതൽ ഫലപ്രദമായി തീരേണ്ടതിനു ഞാൻ എന്നിൽ എന്തു മാറ്റമാണ് വരുത്തേണ്ടത്?"

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റട് ബൈബിൾ ബാക്ക്ഗ്രൗണ്ട്സ് കമന്ററി, വാല്യം. 1, മാത്യു, മാർക്ക്, ലൂക്ക്*, എഡി. ക്ലിന്റൺ ഇ. ആർനോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 82. [2]ക്രേഗ് എസ്സ്. കീനർ, *എ കമന്ററി ഓൺ ദ ഗോസ്പൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 377. [3]കഫർന്നഹൂമിലെ ഫലപൂയിഷ്ടമായ മണ്ണിനെ ജോസെഫസ് പ്രകീർത്തിച്ചിരുന്നു (ജോസെഫസ് വോയ്സ് 3.10.8.) [4]*സിബിലിൻ ഓറക്കിൾസ്* 3.263–64; *ജൂബിലീസ്* 24.15. [5]ജൂബിലീസ് 11.10, 11; തൽമൂദ് സാൻഹാദ്രിൻ 107 എ. [6]ആർ. റ്റി. ഫ്രാൻസ് *ദ ഗോസ്പെൽ എക്കോഡിങ് ടു മാത്യു,* ദി ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 219.